(ബി) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒരു ജൻറം ബസ് അനുവദിച്ചിട്ടുണ്ട്. ഈ ബസ് പയ്യന്നൂർ-പുളിങ്ങോം-രാജഗിരി റൂട്ടിലാണ് സർവ്വീസ് നടത്തുന്നത്.

(സി) 2 സൂപ്പർ എക്സ്പ്രസ് ബസ്സുകൾ ഉപയോഗിച്ച് ബംഗളൂരുവിലേക്ക് രണ്ട് സർവ്വീസുകൾ നടത്തി വരുന്നുണ്ട്. പയ്യന്നൂരിൽനിന്നും ബംഗളൂരുവിലേക്ക് സൂപ്പർ ഡീലക്സ് ബസ് ഉപയോഗിച്ച് സർവ്വീസ് നടത്തിയിരുന്നില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറും/മൊബൈൽ ഫോണും പണം നെറ്റ് ബാങ്കിംഗിലൂടെ കൈമാറ്റം ചെയ്യുവാൻ സൗകര്യമുള്ള ആർക്കും കെ.എസ്.ആർ.ടി.സി.-യുടെ ഓൺലൈൻ റിസർവേഷനിലൂടെ ദീർഘദൂര സർവ്വീസുകൾക്കും അന്തർ സംസ്ഥാന സർവ്വീസുകൾക്കും ഓൺലൈനിലൂടെ ടിക്കറ്റ് റിസർവ് ചെയ്യാവുന്നതും എം.ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതുമാണ്. പയ്യന്നൂർ ഡിപ്പോയിൽ ഓൺ ലൈൻ റിസർവേഷൻ കൗണ്ടർ ഏർപ്പെടുത്തുന്നത് ലാഭകരമല്ല എന്നതിനാൽ തൽക്കാലം പരിഗണനയിലില്ല.

കോരപ്പുഴ പാലത്തിലെ ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം

311 (3133) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ദേശീയപാതയിലെ കോരപ്പുഴ പാലത്തിൽ സ്ഥാപിച്ച ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സിഗ്നൽ ലൈറ്റ് തകരാറിലായിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കാമോ ;

(സി) തിരക്കേറിയ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കോരപ്പുഴ പാലത്തിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം പ്രവർത്തിപ്പിക്കാനുള്ള എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നര വർഷമായി സിഗ്നൽ ലൈറ്റ് തകരാറിലാണ്.

(സി) കെൽട്രോൺ അധികാരികളുമായി ബന്ധപ്പെട്ട് സിഗ്നൽ ലൈറ്റ് സംവിധാനം പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സംവിധാനം

312 (3134) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ നികുതികളും മറ്റും ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മോട്ടോർ വാഹനവകുപ്പിൽ 19 സേവനങ്ങൾക്ക് ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ പുതുതായി രജിസ്റ്റർ ചെയ്യുന്ന നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയും ഓൺലൈനായി അടയ്ക്കാവുന്നതാണ്. എല്ലാത്തരം വാഹനങ്ങളുടേയും നികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്വെയർ തയ്യാറാക്കിവരുന്നു.

(ബി) മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ ആവശ്യമായിവരുന്ന പൊതുജനങ്ങൾക്ക് സൗകര്യപ്രദമായും ഓഫീസുകളിൽ പോകാതെയും അത്യാവശ്യ സർവ്വീസുകൾ ലഭ്യമാക്കുക, ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly